എമ്മാവൂസ്

# വചനദൂത്

Vol.24 / Issue - 39 / 2 April 2017

നോമ്പുകാലം 6-ാം ഞായർ യോഹ 10:11-18




ബ്ര. ചാക്കോച്ചൻ വടക്കേത്തലക്കൽ

നോമ്പുകാലത്തിന്റെ ആറാം ആഴ്ചയിലേക്ക് നാം കടന്നിരിക്കുകയാണ്. ഈ നോമ്പുകാലത്തിന്റെ സർവ്വമാന ചൈതന്യവും, സമജ്ഞമായി കുടികൊള്ളുന്ന ഒരു വചനഭാഗമാണ് നല്ല ഇടയനായ ഈശോയിലൂടെ നാം ധ്യാനവിഷയമാക്കുന്നത്. കാരണം, ഒരമ്മ തന്റെ കുഞ്ഞിനെ മാറോടണയ്ക്കുന്ന വാത്സല്യവും, സ്നേഹവും, കരുതലും, പരിലാളനയും എല്ലാം അവനിലടങ്ങിയിരിക്കുന്നു. നല്ല ഇടയനായ ഈശോ നമ്മുടെ ജീവിതത്തിലും ഇടയ വേഷങ്ങളണിയാൻ നമ്മെ ഇന്ന് ക്ഷണിക്കുന്നു.

ഫിലിപ്പ് കെല്ലർ എന്ന ആഫ്രിക്കൻ എഴുത്തുകാരൻ തന്റെ പ്രശസ്തമായ ഒരു ഗ്രന്ഥത്തിൽ ആടുകളുടെ പ്രത്യേകതകളെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ആടുകൾ മാത്സര്യബുദ്ധിക്കാരും തീറ്റ കാണുമ്പോൾ കൂട്ടം വിടുന്നവയും തീറ്റ സാധനങ്ങൾ നല്ലതോ, ചീത്തയോ എന്ന് തിരിച്ചറിയാനാവാത്തവയുമാണ്. അവയെ മെരുക്കിയെടുക്കാൻ ബുദ്ധിമുട്ടുള്ള ജീവിയാണ്. അതുപോലെ പെട്ടെന്ന് രോഗം ബാധിക്കുന്നതും ചെറിയ ചെറിയ അസ്വസ്ഥതകൾ പോലും ഉറക്കം കെടുത്തുന്നവയുമാണ് ആടുകൾ. ഈ പ്രത്യേകതകൾ ഉള്ള ഒരാടിനെ നയിക്കാൻ ഒരു ഇടയൻ എത്രമാത്രം ബുദ്ധിമുട്ടുകൾ സഹിക്കുന്നു എന്ന് പറയേണ്ടതില്ലല്ലോ.

തന്റെ ജനത്തെ നയിക്കാനുള്ളവരെ 'ഇടയൻ' എന്നാണ് വിശുദ്ധ ഗ്രന്ഥം വിശേഷിപ്പിക്കുക. ജെറമിയ 3:15-ൽ പറയുന്നു "ഞാൻ നിങ്ങൾക്ക് എനിക്ക് ഇഷ്ടപ്പെട്ട ഇടയന്മാരെ നൽകും. അവർ വിവേകത്തോടും; ജ്ഞാനത്തോടും കൂടെ നിങ്ങളെ പരിപാലിക്കും." ഇവിടെ രണ്ടുകാര്യങ്ങൾ ശ്രദ്ധാർഹമാണ്. ഒന്നാമത്; ഇടയന്മാർ ജ്ഞാനികളാകണം, വിവേകികളാകണം. രണ്ടാമത്; ഇടയന്മാർ ഭരിക്കേണ്ടവരല്ല, മറിച്ച് പരിപാലിക്കേണ്ടവരാണ്. പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ പഠിപ്പിക്കുന്നു. "ഇടയന്മാർ ആടിന്റെ ചൂരും ചൂടും ശബ്ദവുമെല്ലാം അറിയുന്നവരാകണം എന്ന്." ദൈവം നൽകുന്ന തന്റെ ജനത്തെ ഇഷ്ടപ്പെട്ട്, അറിഞ്ഞ്, സ്നേഹിച്ച്, സംരക്ഷിച്ച് വിവേകത്തോടും, ജ്ഞാനത്തോടും കൂടെ അവരെ പരിപാലിക്കുന്നവർക്ക് വിശുദ്ധ ഗ്രന്ഥം നൽകുന്ന പേരാണ് ഇടയന്മാർ എന്ന്.

ഇപ്രകാരം, ഇസ്രായേലിനെ നയിക്കാൻ, ദൈവം തിരഞ്ഞെടുത്ത കുറെ ഇടയന്മാരുടെ ചരിത്രം പഴയ നിയമം തുറന്നുകാട്ടുന്നുണ്ട്. ദൈവത്താൽ വിളിക്കപ്പെട്ട അബ്രാഹവും, മോശയും, ജോഷ്വയും, അഹറോനും, ഏലിയായും, ദാവീദുമൊക്കെ ഇസ്രായേലിനെ വിശ്വസ്തതയോടെ നയിച്ച നല്ല ഇടയന്മാരായിരുന്നു. എന്നാൽ കാലങ്ങൾ പിന്നിട്ടപ്പോൾ ഇടയജീവിതം ഇടറാൻ തുടങ്ങി. കൊമ്പുകോർത്തിരുന്ന ഇടയന്മാരും ചെന്നായ്ക്കളും, പതിയെ സഖ്യകക്ഷികളായി. ഇടയന്റെ തോലണിഞ്ഞ ചെന്നായ്ക്കൾ പെരുകി. ഇടയൻ വെറും കൂലിക്കാരനായി അധഃപതിച്ചു. എന്തിന്, ഇടയന്റെ നിഴൽപോലും ആടുകളെ ഭയചകിതരാക്കി, ഇതിൽ മനംനൊന്ത് ദൈവം ഇപ്രകാരം പഠിപ്പിക്കുന്നു "ഞാൻ തന്നെ എന്റെ ആടുകളെ മേയിക്കും; ഇടയന്മാർക്ക് എതിരെ ഞാൻ കണക്കുതീർക്കും എന്ന്." (എബ്രാ:34:1–3)

ഈ അധഃപതിച്ച അവസ്ഥയിൽ നിന്ന് തങ്ങളെ കരകയറ്റാൻ ഒരു നല്ലിടയനെ യഹൂദർ പ്രതീക്ഷിച്ചിരുന്നു. കാരണം, അവർ അത്രമാത്രം അസ്വസ്ഥരും, നിസ്സഹായരുമായിരുന്നു. 'ഞാൻ നല്ലിടയൻ' എന്ന പ്രവചനവുമായി ക്രിസ്തു വന്നപ്പോൾ അത് ഇസ്രായേൽ ജനതയ്ക്കുള്ള ഉണർത്തുപാട്ടായിരുന്നു. 'നല്ലിടയൻ' എന്നതിന്റെ പൂർണ്ണ അർത്ഥം അവർ ക്രിസ്തുവിൽ കണ്ടെത്തി. നല്ലിടയന്റെ നഷ്ടപ്പെട്ട ഭാവങ്ങളെ അവൻ ജീവിച്ചു കാട്ടി. അവൻ ദുർബലർക്ക് ബലമായി, കുറവുകളിൽ നിറവായി, ഇല്ലായ്മകളിൽ ഉണ്മയായി, അസ്വസ്ഥതകളിൽ സമാധാനമായി, അവസാനം കൂടെയിരുന്ന്, കൂട്ടിരുന്ന് സ്വജീവൻ തന്നെ ഹോമിച്ച് അന്യർക്ക് ഭക്ഷണമായി - ദിവ്യകാരുണ്യമായി മാറിയപ്പോൾ അത് ഇടയഭാവത്തിന്റെ പരിപൂർണ്ണതയായി.

സ്നേഹമുള്ളവരെ, ഒരു നല്ലിടയനാകാനുള്ള വിളിയാണ് ഓരോ ക്രൈസ്തവന്റെയും. ആലയിൽ ആടുകൾ ഉറങ്ങുമ്പോഴും, വാതിൽക്കൽ ഉറങ്ങാതെ കാവലിരിക്കേണ്ടവനാണ് ഓരോ ഇടയനും. സ്വന്തം ശ്വാസത്തിനല്ല, അപരന്റെ ജീവശ്വാസത്തിനാണ് അവൻ പ്രാധാന്യം നൽകുക. എങ്കിൽ, ക്രിസ്തു ഒരു യഥാർത്ഥ ഇടയൻ തന്നെയായിരുന്നു. അതുകൊണ്ടാവണം, തന്റെ എതിരാളികൾക്ക് മുന്നിൽ നിന്നും അവൻ ഇപ്രകാരം ഉൽഘോഷിച്ചത്. "ഞാൻ നല്ല ഇടയനാണ് എന്ന്."

ഇന്ന് അപരന്റെ ജീവന് കാവലാകേണ്ടതിന് പകരം പലപ്പോഴും കാലന്മാരായി മാറുന്ന ഒരു ദുരന്ത ലോകത്തിലാണ് നാം ജീവിക്കുന്നത്. അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ ജീവൻ ഹോമിക്കപ്പെടുന്ന പിഞ്ചു ബാല്യങ്ങളുടെ നിലവിളിയും, ജീവിതം ആസ്വദിച്ചുതീരാത്ത ബാല്യങ്ങളെപ്പോലും കാമഭ്രാന്തയോടെ കാണുന്നവരുടെ ആക്രോശവും, നൊന്തുപെറ്റ് ഊട്ടി വളർത്തിയ മാതാപിതാക്കളെ വൃദ്ധസദനത്തിലാക്കി ജീവിതം ആഘോഷമാക്കുന്ന ന്യൂജെൻ മക്കളും, സ്വാർത്ഥ നേട്ടങ്ങളിൽ കണ്ണ് മഞ്ഞളിച്ച്, ജീവിക്കുന്ന പ്രകൃതിയ്ക്ക് വില കൽപ്പിക്കാതെ ചൂഷണം ചെയ്യുന്ന സ്വാർത്ഥരായ മനുഷ്യരും ഒക്കെ നഷ്ടപ്പെട്ടുപോകുന്ന ഒരു ഇടയഭാവത്തെയാണ് തുറന്നുകാട്ടുന്നത്.

എവിടെയോ വായിച്ചു മാഞ്ഞ ഒരു ചിന്ത- "വഴി കാണിച്ചുതരാം എന്നു പറഞ്ഞ് വന്നവർ പലരും വഴിമുടക്കികളായി. പ്രകാശഗോപുരങ്ങൾ എന്നു പറഞ്ഞ അവതരിച്ച പലരും കരിന്തിരികളായി. ഇടയവേഷമണിഞ്ഞ പലരും വ്യാജന്മാരായിരുന്നു. സ്നേഹഗീതികൾ പാടിയ പലരും വഞ്ചനയുടെ കാര്യസ്ഥരായിരുന്നു. ശുശ്രൂഷ ചെയ്തവർ പലരും സ്വാർത്ഥരായിരുന്നു." ഇടയവേഷമണിഞ്ഞ് ജീവിതം കൊണ്ട് സത്യത്തിന്റെ സാക്ഷികളായ വിശുദ്ധരും രക്തസാക്ഷികളും ഒക്കെ നമുക്കുള്ള മാതൃകകളാണ്. ഇനി നമ്മുടെ കുടുംബജീവിതങ്ങൾ, സമൂഹജീവിതങ്ങൾ, സന്യാസജീവിതങ്ങൾ എല്ലാം യഥാർത്ഥ ഇടയനായ ക്രിസ്തുവിലേക്ക് തിരിക്കാം. ഒരു നല്ല ഇടയമനോഭാവം എന്റെ കുടുംബത്തിലും, സമൂഹത്തിലും, നിറച്ചുകൊണ്ട് അപരന്റെ ജീവിതത്തിൽ ഒരു ഇടയനാകാൻ നമുക്കും പരിശ്രമിക്കാം. ◆

